ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 26.03.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും വസ്ത്രം മാറാനും, മുലയൂട്ടുന്നതിനുമുള്ള സൗകര്യങ്ങൾ ഉറപ്പാക്കണമെന്ന് സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും ഗതാഗത മന്ത്രാലയങ്ങൾക്കും കേന്ദ്ര നിർദ്ദേശം.

**Centre Directs States, Transport Ministries to Set Up Feeding, Changing Rooms for Women, Children in Public Places.**

2) സഹകരണ മേഖലയിൽ സ്ഥാപിതമാകുന്ന ആദ്യ സർവകലാശാലയായ ത്രിഭുവൻ സഹകാരി സർവകലാശാലയെ ദേശീയ പ്രാധാന്യമുള്ള സ്ഥാപനമായി ഉയർത്താൻ ലക്ഷ്യമിട്ടുള്ള ബിൽ ലോകസഭ ഇന്ന് പരിഗണിച്ചു.

**Lok Sabha Considers Bill to Elevate Tribhuvan Cooperative University, the first university to be established in the cooperative sector, as an Institution of National Importance.**

3) വിഴിഞ്ഞം തുറമുഖ പദ്ധതിക്കുള്ള വയബിലിറ്റി ഗ്യാപ് ഫണ്ടിലേക്ക് കേന്ദ്ര വിഹിതമായ 817.8 കോടി രൂപ സ്വീകരിക്കാൻ സംസ്ഥാന മന്ത്രിസഭാ തീരുമാനം.

**Kerala State Cabinet decides to accept the Central share of ₹817.8 crore for the Vizhinjam Port Project's Viability Gap Funding.**

4) വയനാട് ഉരുൾപൊട്ടൽ അതിജീവിതർക്കുള്ള പുനരധിവാസ ടൗൺഷിപ്പിൻറെ നിർമാണത്തിന് മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തുടക്കം കുറിക്കും.

**CM Pinarayi Vijayan to Inaugurate Construction of Rehabilitation Township for Wayanad Landslide Survivors Tomorrow.**

5) ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ് - കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് പോരാട്ടം. ടോസ് നേടിയ കൊൽക്കത്ത ഫീൽഡിങ് തിരഞ്ഞെടുത്തു.

**IPL Cricket: Rajasthan Royals Face Kolkata Knight Riders; Kolkata Wins Toss and Chooses to Field.**

&&&&&&&&&&&&&&&&&&

## PM-TB

രാജ്യത്ത് നിന്നും ക്ഷയരോഗം നിർമ്മാർജ്ജനം ചെയ്യുക എന്ന ലക്ഷ്യത്തിനായി പ്രയത്നിക്കുന്ന എല്ലാവർക്കും നന്ദി അറിയിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. കേന്ദ്ര ആരോഗ്യ

മന്ത്രി ജെ പി നഡ്ഡയുടെ സമൂഹ മാധ്യമ പോസ്റ്റിന് മറുപടി നൽകുകയായിരുന്നു അദ്ദേഹം. ഏറ്റവും താഴെത്തട്ട് മുതലുള്ള പ്രതിരോധനടപടികൾ ദ്രുതഗതിയിലാക്കിയതിന്റെ ഫലമായി ആരോഗ്യകരമായ ക്ഷയരോഗ രഹിത ഇന്ത്യയ്ക്ക് വഴിയൊരുങ്ങിയതായി പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## MWCD – PUBLIC PLACE

പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും വസ്ത്രം മാറാനും, മുലയൂട്ടുന്നതിനുമുള്ള മുറികൾ ഒരുക്കണമെന്ന് സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും കേന്ദ്ര സർക്കാർ നിർദ്ദേശം നൽകി. ഇതുസംബന്ധിച്ച് റോഡ് ഗതാഗത, ഹൈവേ മന്ത്രാലയം, സിവിൽ വ്യോമയാന മന്ത്രാലയം, റെയിൽവേ ബോർഡ് എന്നിവയ്ക്കും വനിതാ-ശിശു വികസന മന്ത്രാലയം കത്തയച്ചു. ജോലി ചെയ്യുന്ന സ്ത്രീകളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി പൊതുസ്ഥലങ്ങളിൽ ലിംഗ സൗഹൃദ ഇടങ്ങൾ സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകത കത്തിൽ എടുത്തുപറയുന്നു. സർക്കാർ ഓഫിസുകളിൽ വനിതാ ജീവനക്കാർക്കായി സാനിറ്ററി പാഡ് വെൻഡിംഗ് മെഷീനുകളും ഇൻസിനറേറ്ററുകളും സ്ഥാപിക്കണമെന്നും നിർദേശിച്ചിട്ടുണ്ട്. ജോലിക്കാരായ അമ്മമാരെ പിന്തുണയ്ക്കുന്നതിനായി 50 ഓ അതിൽ കൂടുതലോ ജീവനക്കാരുള്ള ഓരോ പൊതു കെട്ടിടത്തിലും ഒരു ക്രെഷ് സൗകര്യമെങ്കിലും സ്ഥാപിക്കണമെന്നും നിർദേശമുണ്ട്.

&&&&&&&&&&&&&&&&&&&&

**JITHENDRA –NUCLEAR**

കഴിഞ്ഞ 10 വർഷത്തിനിടെ ആണവോർജ്ജ മേഖലയിൽ രാജ്യം വൻ മുന്നേറ്റം നടത്തിയതായി കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ്. ലോക്സഭയിൽ ചോദ്യോത്തരവേളയിലാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്. ഹരിയാനയിൽ നിർമ്മിക്കുന്ന പുതിയ ആണവോർജ്ജ നിലയം ഈ വർഷം തന്നെ പ്രവർത്തനം ആരംഭിക്കുമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&

**LS–TRIBHUVAN**

ത്രിഭുവൻ സഹകാരി സർവകലാശാല ബിൽ 2025 ലോക്സഭ പരിഗണിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ മാനേജ്മെന്റ് എന്ന പേരിൽ അറിയപ്പെട്ടിരുന്ന സർവകലാശാലയെ ത്രിഭുവൻ സഹകാരി സർവകലാശാല എന്ന് പുനർനാമകരണം ചെയ്ത് ദേശീയ പ്രാധാന്യമുള്ള ഒരു സ്ഥാപനമായി ഉയർത്താൻ ലക്ഷ്യമിടുന്നതാണ് ബിൽ. സഹകരണ മേഖലയിൽ സാങ്കേതിക, മാനേജ്മെന്റ് വിദ്യാഭ്യാസവും പരിശീലനവും ലഭ്യമാക്കുന്ന ഈ സ്ഥാപനം സഹകരണ ഗവേഷണ വികസനം പ്രോത്സാഹിപ്പിക്കുകയും ചെയ്യും. സഹകരണ മേഖലയിൽ സ്ഥാപിതമാകുന്ന ആദ്യ സർവകലാശാലയാണ് ഇത്.

&&&&&&&&&&&&&&&&&&

## LS-VAISHNAW ONLINE GAMING ( INTRO)

ഇന്ത്യൻ സൈബർ ക്രൈം കോർഡിനേഷൻ സെന്ററിന്റെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ 1410 ഗെയിമിംഗ് സൈറ്റുകൾ സർക്കാർ ബ്ലോക്ക് ചെയ്തതായി കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. വാതുവെപ്പ് ചൂതാട്ടം എന്നിവയുമായി ബന്ധപെട്ട നിയമ നിർമാണത്തിന് സംസ്ഥാന സർക്കാരുകൾക്ക് അധികാരമുണ്ടെന്നും കേന്ദ്ര മന്ത്രി ലോക്സഭയിൽ അറിയിച്ചു. ( വോയിസ്.... )

&&&&&&&&&&&&&&&&&&

## RS-BANKING LAWS

ബാങ്കിംഗ് നിയമ (ഭേദഗതി) ബിൽ 2024 പരിഗണനക്കെടുത്ത് രാജ്യസഭ. റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ആക്ട് 1934, ബാങ്കിംഗ് റെഗുലേഷൻ ആക്ട് 1949, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ആക്ട് 1955, തുടങ്ങിയ നിയമങ്ങൾ ഭേദഗതി ചെയ്യുന്നതാണ് ബിൽ. ഒരു ബാങ്ക് അക്കൗണ്ടിന് നോമിനികൾക്കുള്ള ഓപ്ഷൻ നിലവിലുള്ള ഒന്നിൽ നിന്ന് നാലായി ഉയർത്താൻ നിയമനിർമ്മാണം ലക്ഷ്യമിടുന്നു. ഓഡിറ്റർമാരുടെ പ്രതിഫലം തീരുമാനിക്കാൻ ബാങ്കുകൾക്ക്

അധികാരം

നൽകുന്നതുൾപ്പെടെയുള്ള ഭേദഗതികൾ ബില്ലിലുണ്ട്.

&&&&&&&&&&&&&&&&&&

**STATE CABINET**

കേരളത്തിൽ, വിഴിഞ്ഞം മത്സ്യബന്ധന തുറമുഖ വികസനത്തിന് 271 കോടി രൂപയുടെ പദ്ധതിക്ക് സംസ്ഥാന മന്ത്രിസഭായോഗം അംഗീകാരം നൽകി. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്കായി അനുവദിക്കുന്ന വയബിലിറ്റി ഗ്യാപ് ഫണ്ടിന് കേന്ദ്ര സർക്കാർ വിഹിതമായ 817.80 കോടി രൂപ സ്വീകരിക്കാനും മന്ത്രിസഭായോഗം തീരുമാനിച്ചു. ഇതിന് സംസ്ഥാന സർക്കാർ നെറ്റ് പ്രസൻറ് വാല്യു വ്യവസ്ഥയിൽ തുക തിരിച്ചടക്കണമെന്ന് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട സമഗ്ര മാർഗ്ഗരേഖയായ 'കേരള സെക്ടറൽ സൈബർ ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ' അംഗീകരിച്ചു. ആശ്രിത നിയമന വ്യവസ്ഥകൾ പരിഷ്ക്കരിക്കാനും മന്ത്രിസഭാ യോഗം തീരുമാനിച്ചു.

&&&&&&&&&&&&&&&&&&

**WAYANAD**

വയനാട് ഉരുൾപൊട്ടൽ അതിജീവിതർക്കുള്ള പുനരധിവാസ ടൗൺഷിപ്പിൻറെ ശിലാസ്ഥാപനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ നിർവ്വഹിക്കും. എൽസ്റ്റൺ എസ്റ്റേറ്റിലെ 64 ഹെക്ടർ ഭൂമിയിൽ ഏഴ് സെൻറ് വീതമുള്ള പ്ലോട്ടുകളിൽ

ഒറ്റനിലയായാണ് വീടുകൾ നിർമിക്കുക. മൂന്ന് ദിവസത്തെ സന്ദർശനത്തിനായി നാളെ വയനാട്ടിലെത്തുന്ന പ്രിയങ്ക ഗാന്ധി എം.പി ചടങ്ങിൽ പങ്കെടുക്കും. അതേസമയം, ദുരന്തബാധിതരുടെ വായ്പ എഴുതി തള്ളുകയാണ് വേണ്ടതെന്ന് കേന്ദ്രസർക്കാരിനോട് ഹൈക്കോടതി ആവശ്യപ്പെട്ടു. പുനരധിവാസ പ്രവർത്തനങ്ങൾക്ക് വിവിധ വകുപ്പുകൾക്കുള്ള പണം ഈ മാസം 31നകം കൈമാറണം എന്നും ഹൈക്കോടതി നിർദ്ദേശിച്ചു.

&&&&&&&&&&&&&&&&&&

**WAYANAD – K RAJAN**

വയനാട്ടിൽ സമഗ്രവും വിപുലവുമായ പുനർനിർമ്മാണ, പുനരധിവാസ പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ട് പോകുന്നതെന്ന് റവന്യൂ മന്ത്രി കെ രാജൻ. പുതിയ വീടുകളിലേക്ക് താമസം മാറും വരെ മുഴുവൻ വാടകയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് നൽകുമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

**GOVERNER-SENETE MEETING**

ലഹരി വിരുദ്ധ പ്രസ്ഥാനത്തിൽ ജനസമൂഹം പങ്കാളികളാകണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ. കുട്ടികളെ നേതൃനിരയിലേക്ക് മുന്നേറാൻ സഹായിക്കുന്ന വിദ്യാർത്ഥി-കേന്ദ്രീകൃത വിദ്യാഭ്യാസ സമ്പ്രദായമാണ് ആവശ്യമെന്നും തിരുവനന്തപുരത്ത് കേരള

സർവകലാശാലയുടെ സെനറ്റ് യോഗത്തിൽ ഗവർണർ പറഞ്ഞു.

&&&&&&&&&&&&&&&&&&

## ALAHABAD HIGH COURT

ലൈംഗിക പീഡനവുമായി ബന്ധപ്പെട്ട അലഹബാദ് ഹൈക്കോടതിയുടെ വിവാദ ഉത്തരവ് സ്റ്റേ ചെയ്ത് സുപ്രീംകോടതി. മാറിൽ പിടിക്കുന്നതും, വസ്ത്രം അഴിക്കാൻ ശ്രമിക്കുന്നതും ബലാത്സംഗ ശ്രമമായി കാണാൻ കഴിയില്ലെന്ന ഉത്തരവ്, ജഡ്ജിയുടെ അനുതാപമില്ലായ്മയാണ് വ്യക്തമാക്കുന്നതെന്ന് സുപ്രീംകോടതി നിരീക്ഷിച്ചു. വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെയും, യുപി സർക്കാരിന്റെയും റിപ്പോർട്ടും പരമോന്നതകോടതി ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&

## NITI DX-EDGE

സൂക്ഷ്മ ചെറുകിട, ഇടത്തരം സംരംഭങ്ങളെ സാങ്കേതിക ദാതാക്കളുമായും അക്കാദമിക് സ്ഥാപനങ്ങളുമായും ബന്ധിപ്പിക്കുന്ന ദേശീയ സംരംഭം - DX-EDGE- ന് തുടക്കം കുറിച്ച് നീതി ആയോഗ് സിഇഒ BVR സുബ്രഹ്മണ്യം. രാജ്യത്ത് നിലവിലുള്ള ആറ് കോടി MSME കളുടെ വിവിധ പ്രശ്നങ്ങൾക്ക് സാങ്കേതികവിദ്യയും നിർമിത ബുദ്ധിയും പ്രയോജനപ്പെടുത്തി പരിഹാരം കാണാൻ

സംരംഭം വഴിയൊരുക്കുമെന്ന് അദ്ദേഹം പറഞ്ഞു. പൊതു, സ്വകാര്യ, അക്കാദമിക് മേഖലകൾ തമ്മിലുള്ള സഹകരണം വളർത്തിയെടുക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യമെന്ന് ചടങ്ങിൽ സംസാരിച്ച MSME മന്ത്രാലയ സെക്രട്ടറി സുഭാഷ് ചന്ദ്ര ലാൽ ദാസ് പറഞ്ഞു.

&&&&&&&&&&&&&&&&&&

**RBI-FINANCIAL INCLUSION ( INTRO)**

സാമ്പത്തിക ഉൾച്ചേർക്കലിനായി ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങൾ അപ്രതീക്ഷിത തടസ്സങ്ങൾ സൃഷ്ടിക്കുന്നില്ലെന്ന് ഉറപ്പാക്കണമെന്ന് റിസർവ് ബാങ്ക് ഗവർണർ സഞ്ജയ് മൽഹോത്ര. മുംബൈയിൽ ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തെ 94% മുതിർന്ന പൗരന്മാർക്കും ഇന്ന് ബാങ്ക് അക്കൗണ്ട് ഉണ്ട്. സാമ്പത്തിക ഉൾപ്പെടുത്തലിൽ രാജ്യം ഗണ്യമായ മുന്നേറ്റമാണ് കൈവരിച്ചതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ( വോയിസ്... )

&&&&&&&&&&&&&&&&&&

**SEPAK TAKRAW WORLD CUP**

ബീഹാറിലെ പട്നയിൽ നടന്ന സെപക് തക്രോ ലോകകപ്പിൽ മികച്ച പ്രകടനം കാഴ്ചവച്ച ഇന്ത്യൻ സംഘത്തെ അഭിനന്ദിച്ച്

പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര കായികമന്ത്രി മൻസുഖ് മാണ്ഡവ്യ തുടങ്ങിയവർ. സെപക് തക്രോ ലോകകപ്പിൽ ഇന്ത്യൻ സംഘം 7 മെഡലുകളാണ് നേടിയത്. പുരുഷന്മാരുടെ Regu മത്സരത്തിൽ ഇന്ത്യയുടെ ആദ്യ സ്വർണ്ണം കരസ്ഥമാക്കി ഇന്ത്യൻ താരങ്ങൾ ചരിത്രം കുറിച്ചതായി പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## IPL CRICKET

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ് - കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് പോരാട്ടം. ഗുവാഹട്ടി സ്റ്റേഡിയത്തിലാണ് മത്സരം. ടോസ് നേടിയ കൊൽക്കത്ത ഫീൽഡിങ് തിരഞ്ഞെടുത്തു.

&&&&&&&&&&&&&&&&&&

## MEA-USCIRF REPORT

ഇന്ത്യയിൽ കഴിഞ്ഞ വർഷം ന്യൂനപക്ഷങ്ങൾക്കെതിരായ ആക്രമണങ്ങളിൽ വർദ്ധനവുണ്ടായെന്ന അമേരിക്കയുടെ ഇന്റർനാഷണൽ റിലീജിയസ് ഫ്രീഡം റിപ്പോർട്ടിനെ ഇന്ത്യ നിരാകരിച്ചു. പക്ഷപാതപരവും രാഷ്ട്രീയ പ്രേരിതവുമായ വിലയിരുത്തലുകളാണ് ഇതെന്ന് വിദേശകാര്യ മന്ത്രാലയം പ്രതികരിച്ചു. ഇന്ത്യയുടെ ബഹുസ്വരതയെ അധിക്ഷേപിക്കാനുള്ള ശ്രമമാണെന്നും ഇത് മതസ്വാതന്ത്ര്യത്തോടുള്ള ആശങ്കയല്ലെന്നും വിദേശ കാര്യ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു.